# മത്താ 4, 1–11 മരുഭൂമിയിലെ പരീക്ഷ

മിശിഹായിൽ സ്നേഹമുള്ളവരേ,

തിരുസഭാമാതാവിനൊപ്പം നാമിന്ന് ആരാധനാക്രമ വത്സരത്തിൽ പുതിയൊരുകാലത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. നോമ്പുകാലം. മനുഷ്യനായി അവതരിച്ച മിശിഹാനാഥൻ നാൽപ്പതു ദിനരാത്ര ങ്ങൾ ഉപവസിച്ചു പ്രാർത്ഥിച്ചതും തുടർന്ന് അവിടുത്തേയ്ക്ക് നേരിടേണ്ടിവന്ന പരീക്ഷണവുമാണ് നാമിന്ന് വിചിന്തനവിഷയമാക്കുന്നത്. ഈ വചനഭാഗത്തിലൂടെ എന്താണ് നോമ്പ്, എന്തിനാണ് നോമ്പ് എന്നു പറയാനും തിരുസഭാമാതാവ് ആഗ്രഹിക്കുന്നുണ്ട്. അതുകൊണ്ടാണ് നാം വായിച്ചുകേട്ട പഴയനി യമഭാഗവും ലേഖനവും ഈ വചനത്തോട് സമരസപ്പെടുത്തക്ക രീതിയിൽ ഭംഗിയായി ക്രമീകരിച്ചിരി ക്കുന്നത്.

എന്താണ് നോമ്പും ഉപവാസവുമെന്ന് അറിഞ്ഞുകൊണ്ട് ആ പാരമ്പര്യം നമുക്കു സ്വീകാരി ക്കാനും അവയുടെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് അവ ജീവിതത്തിൽ പകർത്താനും നമുക്കു കഴി യണം. എന്താണ് നോമ്പും ഉപവാസവുമെന്ന് ഏശയ്യാ പ്രവാചകനിലൂടെ നാമിന്നു കേട്ടു. പാപാവസ്ഥ യിൽ ആയിരുന്നുകൊണ്ട് ഉപവസിച്ചു പ്രാർത്ഥിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ലെന്ന് പ്രവാചകൻ പറയുന്നെങ്കിലും ദൈവപിതാവിഷ്ടപ്പെടുന്ന ഉപവാസത്തെക്കുറിച്ച് തുടർന്നു പറയുന്നു.

ദുഷ്ടതയുടെ കെട്ടുപൊട്ടിക്കുന്നതും അനീതിയെ എതിർക്കുന്നതും, സ്വന്തക്കാരനുവേണ്ടി വാതിൽ തുറന്നിടുന്നതുമല്ലേ അത്. ചാക്കുടുത്ത് ചാരം പൂശി നാലാൾ കൂടുന്നിടത്ത് തന്റെ ദയനീയത കാണിച്ചുകഴിയുന്നതല്ല ഉപവാസം. അത് തമ്പുരാനൊത്ത് വസിക്കുന്നതാണ്. ആ തമ്പുരാനെവിടേയാ, വിശക്കുന്നവനിൽ, ഒന്നുമില്ലാതെ അലഞ്ഞുതിരിയുന്നവരിൽ, സഹനങ്ങളുടെ പോരുമഴക്കാലങ്ങളുടെ ജീവിത വ്യഗ്രതയിൽ കഴിയുന്നവരിൽ....... അവിടെയാണ്,ആ ആവശ്യക്കാരനിലാണ് ദൈവം. അവനോ ടൊത്തുവസിക്കാൻ, അവന്റെ മൗനനൊമ്പരങ്ങളെ സ്വന്തം ഹൃദയത്തിലേറ്റുവാങ്ങി, അവനാശ്വാസമേ കുമ്പോഴാണ് അത് ദൈവത്തോട് കൂടെ വസിക്കുന്ന ഉപവാസമാകുന്നത്. അവിടെ അവന്റെ ദു:ഖം തീർക്കാൻ, ആ ദു:ഖത്തിൽ പങ്കുചേരാൻ നമുക്കു ക്ലേശങ്ങൾ ഏറ്റെടുക്കേണ്ടിവരും. ആ ക്ലേശ ങ്ങൾക്കായി നാമനുഭവിക്കുന്ന നൊമ്പരമാണ്, നോവാണ് നോമ്പായി മാറേണ്ടത്.

ലേഖനഭാഗത്ത് പൗലോസ് ശ്ലീഹ പറഞ്ഞുവച്ചിരിക്കുന്നത് എന്തിനാണ് ഈ നോമ്പും ഉപവാസ വുമെന്നാണ്. അത് നമ്മുടെ വഞ്ചന നിറഞ്ഞ പഴയമനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനെ ധരിക്കാ നുള്ള ആഹ്വാനമാണ്. ഒരു മാതൃകാജീവിത്തിലേയ്ക്കുള്ള വിളിയാണ്. നോമ്പെടുക്കുന്നവന്റെ ജീവിത ത്തിൽ ഇനി കോപമുണ്ടാകരുത്. സൂര്യാസ്തമയത്തിനുമുമ്പ് കോപെ അസ്തമിച്ചിരിക്കണം. അധര ത്തിൽനിന്ന് തിന്മപുറപ്പെടാതെ ആത്മീയചൈതന്യം നൽകുന്നതാകണം. ക്ഷമിച്ചും കരുണകാണിച്ചും ഹൃദയാർദ്രതയോടെ പെരുമാറാൻ ഈ നോമ്പും ഉപവാസവും സഹായകമാകുമെങ്കിൽ നമ്മിൽ പുതിയ മനുഷ്യൻ രൂപപ്പെടുകയാണ്.

നാൽപ്പതു ദിനരാത്രങ്ങൾ തമ്പുരാനൊപ്പം ഉപവസിച്ച, കൂടെ ആയിരുന്ന യേശു പുതിയ ചൈതന്യം പേറി യാത്ര തിരിച്ചപ്പോഴാണ് പ്രലോഭകനെ നേരിടാനായത്. വചനം കൊണ്ട് ദുഷ്ടശ ക്തിയെ ആട്ടിയോടിക്കാനായത്. യേശുവിന് തന്റെ ജീവിതത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായി രുന്നു. ആ ജീവിതത്തിനൊരു ലക്ഷ്യമുണ്ടായിരുന്നു. ആ ലക്ഷ്യത്തിലേയ്ക്കിറങ്ങുന്നതിനു തടസ്സം സൃഷ്ടിക്കാനാ സാത്താൻ പരീക്ഷണം നടത്തുന്നത്.

അനേകർക്ക് നിത്യജീവന്റെ അപ്പമായിത്തീരാൻ ഇറങ്ങിത്തിരിച്ചവനോടാ പറയുന്നത്., ദാ കിടക്കുന്ന കല്ലെടുത്ത് അപ്പമാക്കി കഴിക്ക് എന്ന്. സഹനത്തിന്റെ കയ്പ്പുനീരുകുടിച്ച് കുരിശിലേറ്റപ്പെട്ട് മരണോത്ഥാനങ്ങളിലൂടെ മനുഷ്യകുലത്തിന്റെ മുഴിവൻ വീണ്ടെടുപ്പിനായി ഇറങ്ങിത്തിരിച്ച സർവ്വലോക നിയന്താവിനോടാ ദാ മേലേന്നങ്ങ് ചാടിക്കോ അപകടംകൂടാതെ നിലത്ത് ലാൻഡ് ചെയ്യുമ്പോൾ ചിറകു വച്ച മാനവരാജൻ എന്ന പോരുനേടാനാവുമെന്ന്, അതിസാഹസികതയിലൂടെ അനേകരെ പറ്റിച്ച് മുന്നോട്ടു പോകാമെന്ന്. തീർന്നില്ല, ദൈവപുത്രനിലെ മാനുഷികഭാവത്തെ ലോകവസ്തുക്കളിലും അവയുടെ അധികാരത്തിന്മേലേയ്ക്കും അവനെ ക്ഷണിക്കയാണ്, നീയെന്നെ കുമ്പിട്ടാരാധിച്ചാൽ ലോകം മുഴുവൻ നിന്റെ കാൽക്കൽ വച്ചുതരാമെന്ന്. ഈ മൂന്നു പ്രലോഭനങ്ങളിലും  പൊതുവായിക്കാണുന്ന ഒരു സവിശേഷതയുണ്ട്. ഒരു നിമുഷനേരത്തേക്ക് വഴിവിട്ട മാർഗ്ഗം സ്വീകരിച്ചാൽ മതിയെന്നത്. ഇവിടെ തത്ക്കാലം ഞാനും നീയം മാത്രം, നിനക്കു കഴിയും ഈ കല്ലുകൾ അപ്പമാക്കി മാറ്റി വിശപ്പടക്ക്..... നീയങ്ങു ചാടിയാൽ മതി. ദൈവം നിന്റ കൂടെയുണ്ടെന്നേ. അവൻ കാക്കാതിരിക്കുമോ....... ഒരു നിമിഷം നീയെല്ലാം മറന്ന്, ആരെന്നതിനെക്കുറിച്ചു ചിന്തിക്കാതെ just bow to me. ഓരോ തിന്മയിലേയ്ക്കും നമ്മെ പ്രലോഭകൻ ഇങ്ങനേയ് കൂട്ടിക്കൊണ്ടുപോകുന്നത്. ഒരിക്കലല്ലേ, ആരും അറിയില്ലെന്നേ.... ഒരു ചെറു നുണ പറഞ്ഞാലെന്താ, ആർക്കും നഷ്ടമില്ലല്ലോ, നിനക്ക് നേട്ടമല്ലേയുള്ളൂ.

അടുത്തകാലത്ത് പത്രത്തിൽ വന്നൊരുവാർത്തയുണ്ട്, പണയത്തിനു വാങ്ങിയ പറമ്പിന്റെ ആധാരത്തിൽ തിരിമറി നടത്തി വിറ്റു കാശാക്കിയ പകൽമാന്യന്മാരുടെ ചിത്രത്തോടെപ്പം. പിന്നെ ഏറെ പ്രമാദമായ ശബരിയുടെ മണിചെയിൻ കേസുമെക്കെ നമ്മോടു പറയുന്നത് ഇന്നത്തെ ലോകം കപടതയുടെ ലോകമാണെന്നാണ്. അതിനാൽ നാം ജാഗരൂകരായിരിക്കണം.

ഇത്തരം പ്രലോഭനങ്ങളെ നേരിടാൻ, അവയ്ക്കു മുന്നിൽ പതറാതെ നിൽക്കാൻ സാത്താന്റെ കുടില തന്ത്രങ്ങളെ ജയിക്കാൻ പ്രാർത്ഥനയും ഉപവാസവും നമുക്കു കൂടിയേ തീരൂ. അപ്പോൾ നമുക്കു സഹായത്തിന് ദൈവദൂതന്മാരുണ്ടാകും. പരീക്ഷകളെ ജയിക്കാനാവും. ക്രിസ്തു സംഭവത്തിൽ മാമ്മോദീസായിലൂടെ പ്രത്യക്ഷപ്പെടുന്ന കർത്താവിന്റെ മരുഭൂമിയിലെ ഈ പരീക്ഷ കഴിഞ്ഞുള്ള കർത്താവിനെയാണ് നാം വായിച്ചറിഞ്ഞിട്ടുള്ളത്. ആ ജീവിതം ഒരു പുതിയ മനുഷ്യന്റേതായിരുന്നു.

വിശക്കുന്നവന് അപ്പം നൽകിയ, കുരുടനും ചെകിടനും കുഷ്ഠരോഗിക്കും മുടന്തനും രക്തസ്രാവക്കാരിക്കും സൗഖ്യം കൊടുത്ത് മരിച്ചവരെപ്പോലും ഉയിർപ്പിച്ചു കടന്നുപോയവൻ. സ്വപിതാവിനെ മാത്രം സ്നേഹിച്ച്, അവന്റെ ഹിതമറിഞ്ഞ് എല്ലാവർക്കുമായി എല്ലാമായി കടന്നുപോയ യേശുനാഥൻ. ഇന്നും നമുക്കപ്പമായി കൂടെ വസിക്കുകയാ. ഈ നോമ്പുകാ ലത്തിൽ നമുക്കും പ്രാർത്ഥിക്കാം. എൻരെ തമ്പുരാനേ നിന്നോടുകൂടെ വസിക്കുന്ന, അപരനിൽ നിന്നെക്കണ്ട് അവൻരെ വേദനയിൽ പങ്കുചേരാൻ നേമ്പുനോറ്റിരിക്കാൻ, നൊമ്പരപ്പെടാൻ എനിക്കനുഗ്രഹം നൽകണമേ, ആ നോമ്പുകാലത്തിൽ നിന്റെ പീഡാനുഭവങ്ങലെ ധ്യാനിക്കുമ്പോൾ നോമ്പിൽ പങ്കുചേർന്ന് എനിക്കും തിന്മയുടെ പ്രലോഭകനെ ജയിക്കാൻ, നന്മയുടെ പുതിയ മനുഷ്യനെ ധരിക്കാൻ നീ കൃപ നൽകണമേ, ആമ്മേൻ.